*Celebrating Extraordinary Missionary Month October 2019…*

**Friday, 18 October 2019**

Lk 10:1-12

എഴുപത്തിരണ്ട് പേരെ അയയ്ക്കുന്നു

Fr. Winson Moyalan CMI

യേശു 72 ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്ന ഭാഗമാണ് നാം ഇന്ന് വായിച്ചു കേട്ടത്. ഈ ശിഷ്യഗണത്തിൽ നിന്ന് വീണ്ടും 12 അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നു (Lk 12:16). രണ്ട് കൂട്ടർക്കും രണ്ടു വിധം ദൗത്യങ്ങളാണ് നല്കപ്പെട്ടിരിക്കുന്നത്.
72 പേരെ അയയ്ക്കുന്നത് താൻ പോകാനിരുന്ന എല്ലാ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കുമാണ്. അവർ യേശുവിന് വേണ്ടി വഴിയൊരുക്കുന്നവരും മുന്നോടികളുമാണ്. അപ്പസ്തോലന്മാരാകട്ടെ അവന്റെ പിൻഗാമികളും.
ഉൽപത്തി 10:1ff -ൽ വായിക്കുന്നപ്പോലെ 72 ജനതകളും, 72 ഭാഷകളുമാണ് ലോകത്തിലുള്ളത്. അതിനാൽ ലോകം മുഴുവനിലുമുള്ള ജനതകളോടും ഭാഷകളോടും സുവിശേഷം പ്രഘോഷിക്കപ്പെടാനുള്ള മുന്നൊരുക്കവും പ്രതീകവുമാണ് ഈ 72 പേരുടെ തിരഞ്ഞെടുപ്പ് എന്നൊരു വ്യഖ്യാനമുണ്ട്.
" കൊയ്ത്ത് " യുഗാന്തത്തിലെ ദൈവജനശേഖരണത്തെയാണ് സൂചിപ്പിക്കുന്നത്. "അരിവാൾ എടുക്കുവിൻ. വിളവ് പാകമായിരിക്കുന്നു" (Joel I3:13). വേലക്കാരെ അയയ്ക്കുന്നത് വേറെ ആരുമല്ല, ദൈവം തന്നെയാണ്.
അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവൻ ഏത് വെല്ലുവിളിയേയും സ്വീകരിക്കാൻ പ്രാപ്തനായിരിക്കണം, ലോകത്തിന്റെ സാധാരണ ആവശ്യങ്ങളിൽ നിന്നും രീതികളിൽ നിന്നും വ്യത്യസ്തനായിരിക്കണം എന്നൊക്കെയുള്ള മുൻകരുതലുകൾ ഇവിടെ നാം വായിക്കുന്നു.
പ്രേഷിതൻ നല്കേണ്ട യഥാർത്ഥ സമാധാനം യേശു ക്രിസ്തുവാണ്; യേശു നല്കുന്ന രക്ഷയാണ്.
തീയും ഗന്ധകവും കൊണ്ട് സോദോമിനെ നശിപ്പിച്ച അതേ ഗതി ലോകത്തിനുണ്ടാകാതിരിക്കാനുള്ള നിയോഗമാണ് ഓരോ ക്രൈസ്തവനും ലഭിച്ചിട്ടുള്ളത്.

*Published by*
CMI General Department of Evangelization and Pastoral Ministry